പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1252 15-10-2026-ൽ മറുപടിയ്ക്ക്

ഹയർസെക്കൻഡറി പ്രിൻസിപ്പൽമാരുടെയും അധ്യാപകരുടെയും പൊതുസ്ഥലംമാറ്റം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സജി ചെറിയാൻ
ശ്രീ. പി. പി. സുമോദ്
ശ്രീ. എം. വിജിൻ
ശ്രീമതി ഒ. എസ്. അംബിക

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) ഹയർസെക്കൻഡറി പ്രിൻസിപ്പൽമാരുടെ പൊതുസ്ഥലംമാറ്റം ഇതുവരെ പൂർത്തിയാകാത്തതും പ്രിൻസിപ്പൽ സ്ഥാനക്കയറ്റത്തിനുള്ള പ്രമോഷൻ കമ്മിറ്റി ചേരാത്തതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: പ്രിൻസിപ്പൽമാരുടെ 2026-27 അധ്യായന വർഷത്തെ പൊതു സ്ഥലംമാറ്റത്തിനുള്ള പ്രൊവിഷണൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിക്രമം അന്തിമഘട്ടത്തിലാണ്. സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാരുടെ 2026 ലെ പ്രൊമോഷൻ നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിൽ ആണ്.

(ബി) അധ്യയനവർഷം പകുതി പിന്നിട്ടിട്ടും ഹയർസെക്കൻഡറി അധ്യാപകരുടെ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ പുറത്തിറക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

മറുപടി: സർക്കാർ പരിശോധിച്ചു വരുന്നു.

(സി) അഴിമതി ലക്ഷ്യമിട്ടാണ് അധ്യാപക സ്ഥലംമാറ്റങ്ങൾ അനിശ്ചിതമായി വൈകിപ്പിക്കുന്നത് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

മറുപടി: ഇല്ല.

(ഡി) സെൻസസ് നടപടികളുടെ പേരിൽ മരവിപ്പിക്കുകയും പ്രതിഷേധങ്ങൾക്കൊടുവിൽ പുനരാരംഭിക്കുകയും ചെയ്ത ജില്ലാതല സ്ഥലംമാറ്റ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മറുപടി: ലാബ് അസിസ്റ്റന്റ് തസ്തികകളിൽ മാത്രമാണ് ജില്ലാതല സ്ഥലംമാറ്റം നടക്കുന്നത്. പൊതുവിദ്യാഭ്യാസ ഹയർസെക്കൻഡറി വകുപ്പിലെ ലാബ് അസിസ്റ്റന്റ് തസ്തികകളിൽ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. നിലവിലുള്ള ഒഴിവുകളിലേക്ക് സ്ഥലംമാറ്റം അഭ്യർത്ഥിച്ച് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഒഴിവുള്ള പക്ഷം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ

കാര്യാലയത്തിൽ നിന്നും സ്ഥലംമാറ്റം നൽകി വരുന്നുണ്ട്. സെൻസസ് നടപടികളുമായി ബന്ധപ്പെട്ട് ടി സ്ഥലംമാറ്റ നടപടികളിൽ കാലതാമസം വന്നിട്ടില്ല.

സെക്ഷൻ ഓഫീസർ